പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .163 — 22.01.2014-ൽ മറുപടിക്ക്

**വിദേശകപ്പലുകൾ തീരദേശത്ത് മത്സ്യബന്ധനം നടത്തുന്നതു മൂലമുള്ള വിഭവശോഷണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. കെ. ടി. ജലീൽ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. ബി. സത്യൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിദേശ കപ്പലുകളും ട്രോളറുകളും സംസ്ഥാനത്തെ കടൽതീരത്ത് മത്സ്യബന്ധനം നടത്തുന്നതു മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ട്രോളിംഗ് നിരോധന കാലയളവിൽ കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടേഴ്സിൽ (12 നോട്ടിക്കൽ മൈൽ ദൂരം) വിദേശ ട്രോളറുകൾ കടന്നു കയറുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് വിദേശ കപ്പലുകളുടെയും ട്രോളറുകളുടെയും കടന്നു കയറ്റം തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | വിദേശ ട്രോളറുകളെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയമാണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്ന് അറിയാമോ; | | |
| (സി) | വിദേശകപ്പലുകൾ ഇന്ത്യയിൽ ബിനാമി പേരുകളിൽ രജിസ്റ്റർ ചെയ്ത് തീരദേശത്ത് മത്സ്യബന്ധനം നടത്തുന്നത് വിഭവശോഷണത്തിന്റെ മുഖ്യകാരണമാണെന്നറിയാമോ; | (സി) & (ഡി) | വിദേശകപ്പലുകൾക്കും, ട്രോളറുകൾക്കും ലെറ്റർ ഓഫ് പെർമിഷൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. ലെറ്റർ ഓഫ് പെർമിറ്റ് നൽകുന്നത് നിർത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ നിലപാട് മാറ്റുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്താൻ ശ്രമിക്കുമോ? | | |

Jayasree

സെക്ഷൻ ഓഫീസർ